**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 454** **02-02-2023 - ൽ മറുപടിയ്ക്ക്**

**എലപ്പുള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ഫണ്ട് മുഖേന 5 കോടി രൂപ ചെലവിൽ നവീകരിച്ച മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്‌ബി ധനസഹായത്തോടെ 5 കോടി രൂപ ചെലവഴിച്ച് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ജി.എച്ച്.എസ്.എസ് ന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 15.11.2022 ന് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | കിഫ്‌ബി സാമ്പത്തികാനുമതി നൽകുമ്പോൾ വിഭാവനം ചെയ്ത മുഴുവൻ പ്രവൃത്തികളും പ്രസ്തുത സ്കൂളിൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്താതിരുന്നതെന്നും അതിനുള്ള കാരണവും അറിയിക്കാമോ? | (ബി) | മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ജി.എച്ച്.എസ്.എസ് ന്റെ നിർമ്മാണ പ്രവർത്തനം വിഭാവനം ചെയ്തതനുസരിച്ച് 1325 sq.m വിസ്തീർണ്ണത്തിൽ മൂന്ന് G+ 1 അക്കാദമിക് ബ്ലോക്കുകളിലുമായി 14 ക്ലാസ് മുറികൾ നിർമ്മിച്ചിട്ടുണ്ട്. ഇതര സൗകര്യങ്ങളായി കിച്ചൺ, ഡൈനിങ് ഹാൾ, കമ്പ്യൂട്ടർ ലാബ്, സ്പോർട്സ് റൂം എന്നിവയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക ശൗചാലയങ്ങൾ, 50 ഉപഭോക്താക്കൾക്കുള്ള രണ്ട് RCC സെപ്റ്റിക് ടാങ്ക്, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി റൂം എന്നീ നിർമ്മിതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി സ്കൂളിൽ നിലവിൽ മഴ വെള്ള സംഭരണി ഉള്ളതിനാൽ സ്കൂൾ അധികൃതരുടെ ആവശ്യപ്രകാരം രൂപകൽപ്പനയിൽ വിഭാവനം ചെയ്ത ജലസംഭരണിയുടെ നിർമ്മാണം ഒഴിവാക്കിക്കൊണ്ട് മറ്റ് നിർമ്മിതികൾ പൂർത്തികരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ